**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4005** 25.06.2018-ൽ മറുപടിയ്ക്ക്

## ചികിത്സാ ധനസഹായ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ** | | **ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)** | |
| **ചോദ്യം** | | **മറുപടി** | |
| എ) | സ്വകാര്യ ആശുപത്രിയിൽ ചികിത്സിച്ചു എന്ന കാരണത്താൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വകുപ്പിൽ നിന്നും അനുവദിച്ചുവന്നിരുന്ന ചികിത്സാധനസഹായം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ചികിത്സ ധനസഹായം അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡ പ്രകാരം തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ; | എ) & ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട സഹകരണ ആശുപത്രികളിലും പൂർണ്ണമായ സൗജന്യ ചികിത്സ ഉറപ്പ വരുത്തുന്നു. സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതിയിൽ സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടില്ല. അംഗീകരിച്ച ആശുപത്രികളിൽ യഥാസമയം എത്തിച്ചേരാൻ കഴിയാതിരിക്കുകയോ അപകടങ്ങൾക്കും രോഗങ്ങൾക്കും സമീപത്തുള്ള സർക്കാർ ആശുപത്രികളിൽ ചികിത്സ ലഭ്യമാകാതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ നടത്തിയ കേസുകളിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| ബി) | വളരെ പിന്നോക്ക മേഖലയിൽ അധിവസിക്കുന്ന പട്ടികവർഗ്ഗക്കാർ ഗുരുതരമായ അപകടങ്ങൾക്കും രോഗങ്ങൾക്കും അടിയന്തര ചികിത്സ തേടുന്നത് സ്വകാര്യ ആശുപത്രികളിലായതിനാൽ ഇവർക്ക് ചികിത്സ ധനസഹായം ഉറപ്പുവരുത്താൻ നിലവിലുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ